**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **08-06-2021 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ കെ.എസ്.ഇ.ബിക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്; | (എ) | എൻ.ഒ.സി നൽകിയിട്ടുണ്ട്. 04.06.2020 – ലെ G.O (MS) No.6/2020/POWER എന്ന സർക്കാർ ഉത്തരവ് പ്രകാരം ഏഴ് വർഷ സമയ പരിധി വച്ചാണ് എൻ.ഒ.സി നൽകിയിട്ടുള്ളത്. |
| (ബി) | എൻ.ഒ.സി. നൽകുന്നതിനു മുൻപായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളും എൻ.ജി.ഒ.കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് അഭിപ്രായങ്ങൾ നൽകിയതെന്നും അറിയിക്കുമോ; | (ബി) | എൻ.ഒ.സി നൽകുന്നതിന് മുമ്പായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നൽകിയ ടെക്നോ എക്കണോമിക് ക്ലിയറൻസ് 30.03.2008 വരെ ആയിരുന്നു. പദ്ധതിയ്ക്ക് വേണ്ടി കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി 18.07.2017 വരെയായിരുന്നു. ഈ കേന്ദ്രാനുമതികൾ ദീർഘിപ്പിച്ചു കിട്ടിയാൽ മാത്രമെ അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നഷ്ടപ്പെടാതെ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിക്കുമായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് സർക്കാർ എൻ.ഒ.സി നൽകിയത്. കേരള സർക്കാർ നൽകിയിട്ടുള്ള എൻ.ഒ.സി- യിന്മേലുള്ള തുടർ നടപടികൾ ഒന്നും തന്നെ കെ.എസ്.ഇ.ബി.എൽ കൈക്കൊണ്ടിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതിക അനുമതി, സാങ്കേതിക-സാമ്പത്തിക അനുമതി എന്നിവ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവയുടെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | എൻ.ഒ.സി നൽകുന്നതിന് മുമ്പായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നൽകിയ ടെക്നോ എക്കണോമിക് ക്ലിയറൻസ് 30.03.2008 വരെ ആയിരുന്നു. പദ്ധതിയ്ക്ക് വേണ്ടി കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി 18.07.2017 |

| | | | |
|---|---|---|---|
| | | | വരെയായിരുന്നു. ഈ കേന്ദ്രാനുമതികൾ ദീർഘിപ്പിച്ചു കിട്ടിയാൽ മാത്രമെ അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നഷ്ടപ്പെടാതെ മുന്നോട്ടു കൊണ്ടു പോകുവാൻ സാധിക്കുമായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് സർക്കാർ എൻ.ഒ.സി നൽകിയത്. കേരള സർക്കാർ നൽകിയിട്ടുള്ള എൻ.ഒ.സി- യിന്മേലുള്ള തുടർ നടപടികൾ ഒന്നും തന്നെ കെ.എസ്.ഇ.ബി.എൽ കൈക്കൊണ്ടിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ